**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3555** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.ജി.റ്റി.ഇ. (കോമേഴ്സ്) സിലബസ് പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30.11.2022- ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ കെ.ജി.റ്റി.ഇ. മാനേജ്മെന്റ് അസോസിയേഷൻ പ്രതിനിധികളുമായി കൂടിയ യോഗ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത മിനിറ്റ്സ് അംഗീകരിച്ചുകൊണ്ടുള്ള 17.01.2023-ലെ ജെ1/369/2022/ഉ.വി.വ. നമ്പർ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ വെച്ച് കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30.11.2022-ന് മീറ്റിംഗ് നടത്തിയിരുന്നു. പ്രസ്തുത മീറ്റിംഗിന്റെ മിനിറ്റ്സ്, പ്രസ്തുത മിനിറ്റ്സ് അംഗീകരിച്ചുകൊണ്ടുള്ള 17.01.2023-ലെ സർക്കാർ കത്ത് നമ്പർ.ജെ1/369/2022/ഉ.വി.വ എന്നിവ അനുബന്ധം 1,2 ആയി ചേർക്കുന്നു. |
| (ബി) | കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് പരീക്ഷ പുതിയ സിലബസ് അനുസരിച്ച് നടത്തുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ വ്യക്തമാക്കി 26.12.2022-ന് ഇ.എക്സ്./എച്ച്6/40099/2022/ സി.ജി.ഇ. നമ്പറായി പരീക്ഷാ കമ്മിഷണർ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | അനുബന്ധം 3 ആയി ചേർക്കുന്നു. |
| (സി) | 20.08.2022-ലെ സ.ഉ.(കൈയെഴുത്ത്) 403/2022/എച്ച്.ഇ.ഡി.എൻ.നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് ഇംഗ്ലീഷ്, മലയാളം എന്നിവയുടെ പരിഷ്കരിച്ച സിലബസ് അനുസരിച്ച് കമ്പ്യൂട്ടർ മുഖേന പരീക്ഷ നടത്തുമ്പോൾ കേരളത്തിലെ ആയിരത്തിലധികം വരുന്ന ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ഇംഗ്ലീഷ്, മലയാളം ടൈപ്പ് റൈറ്ററുകൾ എന്തു ചെയ്യുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | 20.08.2022 തീയതിയായുള്ള സർക്കാർ ഉത്തരവ് നം G.O (Ms) No.403/2022/HEDN പ്രകാരം കെജിടിഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കോമേഴ്സ് ഗ്രൂപ്പ്) സിലബസ് പരഷ്കരണം സർക്കാർ അംഗീകരിച്ചിരുന്നു. കെ.ജി.ടി.ഇ ടൈപ്പ് റൈറ്റിംഗ് കോഴ്സ് (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അപേക്ഷകർ ഓരോ പേപ്പറിനും 150 മണിക്കൂർ ടൈപ്പ്റൈറ്റിംഗ് മെഷീനിൽ പ്രായോഗിക പരിശീലനം അംഗീകൃത ടൈപ്പ് റൈറ്റിംഗ് സ്ഥാപനങ്ങളിൽ നിന്നും നേടിയിരിക്കണം എന്ന് 03.11.2022-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു. ആയത് 17.01.2023-ലെ സർക്കാർ കത്ത് നമ്പർ. ജെ1/369/2022/ഉ.വി.വ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലെ ടൈപ്പ് റൈറ്ററുകൾ പ്രായോഗിക പരിശീലനത്തിന് ഉപയോഗിക്കാവുന്നതാണ്. |
| (ഡി) | കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ പുതിയ സിലബസ് പ്രകാരം നടത്തുമ്പോൾ നിലവിലുള്ള പഠനരീതിയേക്കാൾ വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്നത് പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | കെ.ജി.റ്റി.ഇ. ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ പുതിയ സിലബസ് പ്രകാരം നടത്തുമ്പോൾ സിലബസ് മാറ്റം കാരണമായി അധികബാധ്യത വരുന്നില്ല. |
| (ഇ) | ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ഇ) | 30.11.2022-ൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നടന്ന മീറ്റിംഗിന്റെ മിനിറ്റ്സ് പ്രകാരം രജിസ്ട്രേഷൻ ചെയ്ത സ്ഥാപനങ്ങളിൽ പ്രായോഗിക പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതാൻ അനുവാദം നൽകുകയുള്ളൂ. രജിസ്ട്രേഷൻ നടപടികളുടെ മാനദണ്ഡങ്ങൾ നിശ്ചയിച്ചു വരുന്നു. |
| (എഫ്) | കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷയ്ക്കുള്ള പുതിയ സിലബസിലൂടെയും ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് അംഗീകാരം നൽകുന്നതിലൂടെയും വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കും എന്നത് പരിഗണിച്ച് കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് സിലബസ് പരിഷ്കരണം മലയാളത്തിന് മാത്രമായി പരിമിതപ്പെടുത്തുന്നതിന് തയ്യാറാകുമോ; | (എഫ്) | പ്രസ്തുത വിഷയം പരിശോധിച്ച് വരുന്നു. |
| (ജി) | 20.08.2022-ലെ സിലബസ് പരിഷ്കരണ ഉത്തരവ് വിദ്യാർത്ഥികൾക്കുണ്ടാക്കുന്ന അധിക സാമ്പത്തിക ബാധ്യത സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ജി) | കെ.ജി.റ്റി.ഇ. (കോമേഴ്സ്) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ സിലബസ് പരിഷ്കരണം മൂലം വിദ്യാർത്ഥികൾക്ക് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം

അക്കാഡമിക് കമ്മിറ്റി മിനിറ്റ്സ്

30.11.2022 ൽ 11.00 AM ന് ബഹുമാനപ്പെട്ട സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ ചേംബറിൽ കൂടിയ അക്കാഡമിക് കമ്മിറ്റി യോഗം

അജണ്ട :- KGTE ടൈപ്പ്റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ്) ന്റെ സിലബസ് പരിഷ്കരണം - സംബന്ധിച്ച്.

പങ്കെടുത്തവർ : -

1. ശ്രീമതി. ബീന. പി, സീനിയർ ജോയിന്റ് ഡയറക്ടർ (പി.എസ്), ഡി.റ്റി.ഇ.
2. ശ്രീ. സുൽഫിക്കർ. എ, ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ), ഡി.റ്റി.ഇ.
3. ശ്രീമതി. ചന്ദ്രകാന്ത.എ.എസ്, ഡപ്യൂട്ടി ഡയറക്ടർ, SITTTR.
4. ശ്രീമതി. മായാ ഗോപിനാഥ്, ജൂനിയർ സൂപ്രണ്ട്, ഡി.റ്റി.ഇ.
5. ശ്രീ. കവിത. എസ്, ക്ലാർക്ക്, അക്കാഡമിക് സി4 സെക്ഷൻ, ഡി.റ്റി.ഇ.
6. ശ്രീ. മോഹൻ. ആർ, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെറ്റ് വർക്ക് ഇൻ കേരളൈറ്റ്സ്, കൊല്ലം.
7. ശ്രീമതി. അഖില. എൽ.എസ്, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെറ്റ് വർക്ക് ഇൻ കേരളൈറ്റ്സ്, കൊല്ലം.
8. ശ്രീമതി. ചന്ദ്രകുമാരി. വി, കേരള കൊമേഴ്സ്യൽ ആന്റ് കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസോസിയേഷൻ, തിരുവനന്തപുരം.
9. ശ്രീ. സുനിൽ ദാസ്, കേരള കൊമേഴ്സ്യൽ ആന്റ് കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസോസിയേഷൻ, തിരുവനന്തപുരം.
10. ശ്രീ. സുന്ദരേശൻ. കെ, കൊമേഴ്സ്യൽ ആന്റ് കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് അസോസിയേഷൻ, തിരുവനന്തപുരം.
11. ശ്രീ. അനസ് മനാസ്, കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നെറ്റ് വർക്ക് ഇൻ കേരളൈറ്റ്സ്, കൊല്ലം.

യോഗ തീരുമാനം

1. KGTE ടൈപ്പ്റൈറ്റിംഗ് (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കണമെങ്കിൽ അപേക്ഷകർ ഓരോ പേപ്പറിനും 150 മണിക്കൂർ ടൈപ്പ്റൈറ്റിംഗ് മെഷീനിൽ പ്രായോഗിക പരിശീലനം അംഗീകൃത ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിൽ നിന്നും നേടിയിരിക്കണം എന്ന നിർദ്ദേശം സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിച്ചു.
2. KGTE ടൈപ്പ്റൈറ്റിംഗ് കോഴ്സുകൾ നടത്തപ്പെടുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് ഗവൺമെന്റ് അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ സർക്കാരിനോട് അപേക്ഷിക്കാൻ തീരുമാനിച്ചു.
3. പരീക്ഷകൾ പുതിയ സിലബസ് അനുസരിച്ച് തന്നെ നടത്തണമെന്നും, പുതിയ സിലബസ് അനുസരിച്ചുള്ള KGTE ടൈപ്പ്റൈറ്റിംഗ് പരീക്ഷ വൈകുകയാണെങ്കിൽ നിലവിലെ സിലബസ് പ്രകാരം പരീക്ഷ നടത്തേണ്ടതാണ് എന്ന നിർദ്ദേശവും സർക്കാരിന് സമർപ്പിക്കാൻ തീരുമാനിച്ചു.

യോഗം 12.45 pm ന അവസാനിച്ചു.

OFFICE OF THE DIRECTOR OF TECHNICAL EDUCATION

Senior Joint Director (P.S)
DIRECTORATE OF TECHNICAL EDUCATION
THIRUVANANTHAPURAM

Sabini
സെക്ഷൻ ഓഫീസർ

അനുബന്ധം - 2

/5575420/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്

നമ്പർ. ജെ1/369/2022/ഉ.വി.വ 17-01-2023,തിരുവനന്തപുരം

പ്രേഷിതൻ

ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം.

സർ,

വിഷയം:- സാങ്കേതികം - കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംങ് (കോമേഴ്സ് ഗ്രൂപ്പ്) കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് 30.11.2022 - ൽ നടന്ന മീറ്റിംഗിലെ യോഗ തീരുമാനങ്ങൾ - സർക്കാർ അംഗീകാരം - സംബന്ധിച്ച്.

സൂചന:- 1. 16.12.2022 - ലെ താങ്കളുടെ കത്ത് നമ്പർ. സി4/48030/19/ഡി.ടി.ഇ

2. 30.11.2022 - ൽ സാങ്കേതിക വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗ്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കെ.ജി.റ്റി.ഇ ടൈപ്പ് റൈറ്റിംങ് (കോമേഴ്സ് ഗ്രൂപ്പ്) കോഴ്സിന്റെ സിലബസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിലെ തീരുമാനങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
RAJESH M
ഡെപ്യൂട്ടിസെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by
Salini.p
Date: 18-01-2023 10:34:20
സെക്ഷൻ ഓഫീസർ

Salini
സെക്ഷൻ ഓഫീസർ

6823893/2022/HEDN

അനുബന്ധം -3

നം. EX/H6/40099/2022/CGE

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം,
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം - 12
തീയതി : 26/12/2022

പ്രേഷകൻ

സെക്രട്ടറി
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്
ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

സർ

വിഷയം:- പൊതു വിദ്യാഭ്യാസം-പരീക്ഷാ ഭവൻ - കെ.ജി.ടി (കൊമേഴ്സ്) സിലബസ്സ് പരിഷ്കരണം - സ്പഷ്ടീകരണം ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. 1/11/2022-ലെ നം.HEDN-J1/262/2022-HEDN പ്രകാരം അങ്ങയുടെ ഓഫീസിൽ നിന്നുള്ള കത്ത്.
2. 27/09/2022, 29/10/2022 എന്നീ തീയതികളിൽ ഇതേ നമ്പർ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്കു നൽകിയ കത്ത്.
3. സ.ഉ(കൈ)നം.403/2022/ HEDN, Tvm, dtd.20/08/2022.
4. സ.ഉ(കൈ)നം.96/2021/ HEDN.dtd.16/08/2001.
5. സ.ഉ(എം.എസ്)നം.369/10.ഉ.വി.വ.തീയതി 09/11/2010.

മേൽസൂചനകളിലേയ്ക്ക് സർക്കാരിന്റെ അടിയന്തര ശ്രദ്ധ സവിനയം ക്ഷണിക്കുന്നു.

സൂചന (4), (5) പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.ജി.ടി (കൊമേഴ്സ്) ടൈപ്പ്റൈറ്റിംഗ് ആൻഡ് ഷോർട്ട്ഹാൻഡ് പരീക്ഷയിൽ വേഡ് പ്രോസസ്സിംഗ് കൂടി ഉൾപ്പെടുത്തി സിലബസ്സ് പരിഷ്കരിക്കുകയും KGTE Typewriting with Computer Word Processing പരീക്ഷാനടത്തിപ്പും സർട്ടിഫിക്കറ്റ്/മാർക്കുലിസ്റ്റുകളുടെ വിതരണത്തിന്റെയും ചുമതല പരീക്ഷാഭവനും വേഡ്പ്രോസസ്സിംഗ് പരീക്ഷാനടത്തിപ്പ് എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയ്ക്കും നൽകുകയും ചെയ്ത് കൊണ്ട് പരീക്ഷാകമ്മീഷണർക്കും പരീക്ഷാസെക്രട്ടറിക്കും നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്

KGTE പരീക്ഷാവിജ്ഞാപനം തയ്യാറാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരീക്ഷാനടത്തിപ്പും സർട്ടിഫിക്കറ്റ് വിതരണവും നടത്തിവരുന്നത്.

സൂചന (1) പ്രകാരം ലഭിച്ചിരിക്കുന്ന കത്തിൽ നിന്നും സൂചന (3) പ്രകാരം കെ.ജി.ടി.ടൈപ്പ്റൈറ്റിംഗ് കോഴ്സ് (കൊമേഴ്സ് ഗ്രൂപ്പ്) സിലബസ്സ് പരിഷ്കരിച്ചതായി അറിയിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത സിലബസ്സിന്റെ അടിസ്ഥാനത്തിലുള്ള പരീക്ഷാനടത്തിപ്പ് സംബന്ധിച്ച് അവ്യക്തതകൾ നിലനിൽക്കുന്നു. ടി. കോഴ്സിന്റെ സിലബസ്സ് പരിഷ്കരണം സംബന്ധിച്ച് പരീക്ഷാകമ്മീഷണർക്കോ, പരീക്ഷാസെക്രട്ടറിക്കോ ഉത്തരവ് നൽകിയതായി പ്രതിപാദിച്ചിട്ടില്ല. പരീക്ഷാചുമതല വഹിക്കുന്ന പരീക്ഷാകമ്മീഷണറുമായി കൂടിയാലോചിക്കുകയോ, ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പിനു നൽകുകയോ ചെയ്തിട്ടില്ല. പുതിയ സിലബസ്സ് പ്രകാരമുള്ള പരീക്ഷാ നടത്തിപ്പു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിനെ നിർദ്ദേശങ്ങളോ ഉത്തരവുകളോ നൽകാതെ സിലബസ്സിന്റെ കോപ്പി മാത്രമാണ് നൽകിയിരിക്കുന്നത്. ടൈപ്പ്റൈറ്റിംഗ് ഹിന്ദി, ഷോർട്ട്ഹാൻഡ് എന്നീ വിഷയങ്ങൾ സിലബസ് പരിഷ്കരണത്തിൽ ഉൾപ്പെടുത്താതെ ഇംഗ്ലീഷ് Lower/Higher, മലയാളം Lower/Higher വിഷയങ്ങൾ മാത്രമാണ് പരിഷ്കരണം നടത്തിയിരിക്കുന്നത്. ആയതിനാൽ പുതുക്കിയ സിലബസ്സ് പ്രകാരം പരീക്ഷനടത്തണമെങ്കിൽ ഇതു സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. കൂടാതെ പുതുക്കിയ സിലബസ്സിൽ ഓരോ വിഷയത്തിനും സോഫ്റ്റ് വെയർ തയ്യാറാക്കി പരീക്ഷനടത്തുന്നതിന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ നിലവിലെ സാഹചര്യത്തിൽ സിസ്റ്റം ലെവൽ പരീക്ഷനടത്തുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ പരീക്ഷാഭവന്റെ കീഴിൽ ലഭ്യമല്ല. ഈ സാഹചര്യത്തിൽ എപ്രകാരം പരീക്ഷനടത്തണമെന്നുള്ള വ്യക്തതവരുത്തേണ്ടതുണ്ട്.

അടുത്ത കെ.ജി.ടി പരീക്ഷ നടത്തിപ്പ് സംബന്ധിച്ചുള്ള നിയമസഭാചോദ്യത്തിന് ജനുവരി 2023-ൽ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ആയതിനാൽ പുതിയ സിലബസ്സ് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ പഴയ സിലബസ്സ് പ്രകാരം അടുത്ത പരീക്ഷ നടത്തുന്നതിന് അനുവാദം നൽകണമെന്നും സിലബസ്സ് പരിഷ്ക്കരണം സംബന്ധിച്ച് സ്പഷ്ടീകരണം അടിയന്തരമായി ലഭ്യമാക്കണമെന്നും താത്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ

സെക്രട്ടറി

Shini
സെക്ഷൻ ഓഫീസർ